(സി) പ്രീഡിഗ്രി കോഴ്സ് വേർപെടുത്തൽ എന്നത്തേയ്ക്ക് പൂർത്തിയാകും ;

(ഡി) പ്ളസ് ടൂ കോഴ്സുകൾ നടപ്പാക്കിയ സ്കൂളുകളിൽ കെട്ടിടം, ലാബ്, ഫർണിച്ചറുകൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അവ എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കും ?

ഉത്തരം

(എ) നടപടി സ്വീകരിക്കുകയുണ്ടായി.

(ബി) ചില വിദ്യാഭ്യാസ വകുപ്പു ജീവനക്കാരും കോളേജ് അദ്ധ്യാപകരും വിദ്യാർത്ഥികളും സമരം നടത്തുകയുണ്ടായി.

(സി) പ്രീഡിഗ്രി കോഴ്സ് 2000-2001 അദ്ധ്യയനവർഷത്തിൽ കോളേജുകളിൽ നിന്നും പൂർണ്ണമായി വേർപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) പ്ളസ് ടൂ കോഴ്സുകൾ ഏർപ്പെടുത്തിയ ഗവൺമെന്റ് സ്കൂളുകളിൽ ലാബോറട്ടറി, ലൈബ്രറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിടം, ഫർണിച്ചർ തുടങ്ങിയ സൗകര്യങ്ങൾ ഉള്ളയിടങ്ങളിലാണ് പ്ളസ് ടൂ അനുവദിച്ചിരിക്കുന്നത്.

പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിതലത്തിൽ നിന്നും വേർപ്പെടുത്തുവാനുള്ള നടപടികൾ

127 (1262) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിതലത്തിൽ നിന്നും വേർപ്പെടുത്തുവാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വെളിപ്പെടുത്തുമോ ;

(ബി) 2000-2001 അദ്ധ്യയന വർഷം പുതിയതായി പ്ളസ് ടൂ കോഴ്സുകൾ ആരംഭിക്കുവാനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം സ്കൂളുകളിലാണ് പ്ളസ്ടൂ കോഴ്സാരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) 1996-നു ശേഷം സംസ്ഥാനത്ത് ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് തലത്തിൽ എന്തെല്ലാം കോഴ്സുകൾ ഏതെല്ലാം കോളേജുകളിൽ ആരംഭിക്കാൻ അനുമതി നൽകിയെന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2000-2001 അദ്ധ്യയനവർഷത്തോടുകൂടി പ്രീഡിഗ്രി വേർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000-2001 അദ്ധ്യയന വർഷത്തിൽ പ്ളസ് ടൂ ആരംഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ഏതെല്ലാം സ്കൂളുകളിലാണെന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(സി) 1996-നു ശേഷം സംസ്ഥാനത്ത് ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് തലത്തിൽ അനുവദിച്ച കോഴ്സുകളുടെയും അവ അനുവദിച്ച കോളേജുകളുടേയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

പ്രീഡിഗ്രി വേർപെടുത്തൽ

128 (1265) ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽ നിന്നും പൂർണ്ണമായും മാറ്റുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ;

(ബി) പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) അദ്ധ്യാപകരുടെ നിയമനം, ലബോറട്ടറി സൗകര്യങ്ങൾ മുതലായവ കോഴ്സ് ആരംഭിക്കുന്നതിനു മുൻപ് ഏർപ്പെടുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്വകാര്യ മേഖലയിൽ പ്ളസ് ടൂ കോഴ്സ് അടുത്ത വർഷം ആരംഭിക്കാനുള്ള സ്കൂളുകളുടെ ലിസ്റ്റ് സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്ത് പ്ളസ് ടൂവിന്റെ പ്രവർത്തനരീതി എങ്ങനെയാണെന്നും ഇതിന് ഏകീകൃത പാഠ്യക്രമവും പാഠ്യപദ്ധതിയും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്ന് വേർപെടുത്തുവാൻ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി ബന്ധപ്പെട്ട സർവകലാശാലകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ?

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അവസാന ഘട്ടത്തിലാണ്. 2000-2001 വർഷാവസാനത്തോടുകൂടി ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഒരു പ്രത്യേക പ്രദേശത്തെ വിദ്യാഭ്യാസപരമായ ആവശ്യകതയും പിന്നോക്കാവസ്ഥയുമാണ് പ്രധാന ഘടകങ്ങൾ. അതോടൊപ്പം തന്നെ പ്ളസ് ടൂ അനുവദിക്കപ്പെടുന്ന സ്കൂളുകളിൽ അവശ്യസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നും നിബന്ധനയുണ്ട്.

(സി) എല്ലാ പ്ളസ് ടൂ സ്കൂളുകളിലും ആവശ്യത്തിന് അദ്ധ്യാപകരും ലബോറട്ടറി സൗകര്യങ്ങളുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly